# മധുരമായ കുട്ടികളെ - സംഗമയുഗത്തിൽ ബാബ വന്നിരിക്കുന്നത് നിങ്ങൾ കുട്ടികളുടെ സേവനം പൂർണ്ണ ഹൃദയത്തോടെ ചെയ്യുവാനാണ്, ഇപ്പോൾ ഈ ഡ്രാമ പൂർണ്ണമാകുന്നു-നിങ്ങൾ സർവ്വർക്കും തിരിച്ചു വീട്ടിലേക്ക് മടങ്ങണം.

**ചോദ്യം** - ഇപ്പോൾ നിങ്ങൾ കുട്ടികളുടെ കർമ്മാതീത അവസ്ഥയുണ്ടാകില്ല, അന്ത്യത്തിലേയുണ്ടാകൂ- എന്തുകൊണ്ട്?

**ഉത്തരം** - എന്തുകൊണ്ടെന്നാൽ നിങ്ങൾ ആത്മാക്കൾ കർമ്മാതീതമായാൽ നിങ്ങൾക്ക് പാവനമായ തത്വങ്ങളാൽ ഉണ്ടാക്കിയ ശരീരം വേണം. ഇപ്പോൾ ഈ 5 തത്വങ്ങളും പതീതമാണ്. തത്വങ്ങൾ പാവനമാകുമ്പോൾ കർമ്മാതീത അവസ്ഥയുണ്ടാകും. നിങ്ങൾ കുട്ടികൾ പൂർണ്ണമായും പാവനമായാൽ പാവനലോകത്തിൽ പാവന ശരീരം വേണം. അതുകൊണ്ട് നിങ്ങൾ ഇപ്പോൾ ഹാഫ്കാസ്റ്റിലാണ് (പകുതി ബ്രാഹ്മണനും, പകുതി ശൂദ്രനും). അന്തിമത്തിൽ നിങ്ങളുടെ മുഴുവൻ ബുദ്ധിയോഗവും ശക്തമാകും, നിങ്ങൾ പാവനമായിതീരും, നിങ്ങളുടെ സർവ്വ വികർമ്മങ്ങളും വിനാശമാകും, കൂടാതെ നിങ്ങളുടെ കർമ്മാതീത അവസ്ഥയുണ്ടാകും.

**ഗീതം** - ദൂരദേശത്ത് വസിക്കുന്നവനേ...

**ഓം ശാന്തി**. ദൂരെ വസിക്കുന്ന സഞ്ചാരിയെ സർവ്വ മാനവർ അഥവാ ജീവാത്മാക്കൾ തീർച്ചയായും ഓർമ്മിക്കുന്നുണ്ട്. വാസ്തവത്തിൽ സർവ്വ ജീവാത്മാക്കളും സഞ്ചാരികളാണ്. ബാബയ്ക്ക് പരംധാമത്തിൽനിന്ന് വരേണ്ടി വരുന്നതുപോലെ നിങ്ങൾ കുട്ടികൾക്കും പരംധാമത്തിൽനിന്നും പാർട്ടഭിനയിക്കാൻ വരേണ്ടിവരുന്നു. എനിക്ക് മുഴുവൻ കല്പത്തിൽ വെച്ച് ഒരേ ഒരു പ്രാവശ്യമാണ് വരേണ്ടി വരുന്നത്. ഇക്കാരണത്താലാണ് എന്നെ പുനരവതരിക്കുന്നു എന്ന് പറയുന്നത്. നിങ്ങൾ ഒരു പ്രാവശ്യം ഇവിടെ വരുന്നു എന്നിട്ട് പുനർജന്മം എടുത്തുകൊണ്ടിരിക്കുന്നു. ഞാൻ ഒരേ ഒരു പ്രാവശ്യം കുട്ടികളുടെ അടുത്ത് പൂർണ്ണ ഹൃദയത്തോടെ വളരെ സ്നേഹത്തോടെ സേവനം ചെയ്യുവാൻ വരുന്നു. ബാബയ്ക്ക് സർവ്വ കുട്ടികളും പ്രിയപ്പെട്ടതല്ലേ... കുട്ടികളോട് ഇഷ്ടമില്ലാത്ത ഒരു അച്ഛനുമുണ്ടാകില്ല. അച്ഛനിൽനിന്ന് കുട്ടികൾക്ക് ആസ്തി ലഭിക്കുന്നു. അത് പരിധിയുള്ള അച്ഛനാണ്, ഇത് പരിധിയില്ലാത്ത അച്ഛനാണ്. ബാബ എപ്പോൾ വരുമെന്ന് ആർക്കുമറിയില്ല. ബാബ പറയുന്നു മധുരമായ കുട്ടികളെ ഇപ്പോൾ ഡ്രാമ തീരാൻ പോകുന്നു, തിരിച്ച് മടങ്ങണം. വഴി ആർക്കും തന്നെ അറിയില്ല. വൈകുണ്ഠ വാസിയായി അങ്ങകലെ നിർവാണത്തിലേക്ക് പോയി എന്ന് പറയുക മാത്രം ചെയ്യുന്നു. ഇപ്പോൾ നിങ്ങൾക്കറിയാം ഇടയ്ക്ക് വെച്ച് ആർക്കും മടങ്ങി പോകാൻ സാധിക്കില്ല. സർവ്വരുടേയും പാർട്ട് പൂർണ്ണമാകാറാകുമ്പോൾ ബാബയ്ക്ക് വരേണ്ടിവരുന്നു. നിങ്ങൾക്കറിയാം നാം സർവ്വ ആത്മാക്കളും ശരീരത്തിലിരിക്കുമ്പോൾ ശരീരത്തിന്റെ ബന്ധം വെച്ച് സഹോദരി-സഹോദരന്മാരാണ്. ഓരോരുത്തർക്കും തന്റേതായ പാർട്ട് പൂർത്തീകരിക്കണം. പിന്നെ സർവ്വർക്കും തന്റേതായ സമയത്ത് പാർട്ട് പുനരാവർത്തിക്കണം. ഹേ പതീത പാവനാ വരൂ, ഹേ സീതയുടെ രാമാ വരൂ എന്ന് പറഞ്ഞ് സർവ്വരും ബാബയെ ഓർമ്മിക്കുന്നുണ്ട്. രാമൻ ഒരു സീതയ്ക്ക് വേണ്ടി മാത്രം വരില്ല. സർവ്വ സീതകളുടെയും രാമനൊന്നാണ്. ഈ ഡ്രാമ 5000 വർഷങ്ങളുടെയാണ്. ബാബ പറയുന്നു - നിങ്ങൾക്ക് നിങ്ങളുടെ ജന്മങ്ങളെ കുറിച്ചറിയില്ല, എനിക്കറിയാം. ലക്ഷകണക്കിന് വർഷങ്ങളുടെ കാര്യമാണെങ്കിൽ ആർക്കും തന്നെ പറയാൻ സാധിക്കില്ല. ഏറ്റവും മുഖ്യമായ കാര്യമാണ് ഗീതയുടെ ഭഗവാൻ ആരാണെന്നത്. ഡ്രാമയനുസരിച്ച് മറക്കും, അപ്പോളാണ് ബാബ വരുന്നത്. ഗീത വായിക്കുന്നതുകൊണ്ടു മാത്രം മാറ്റമൊന്നുണ്ടാകില്ല. സ്വയം ബാബ വന്ന് കുട്ടികൾക്ക് രാജയോഗം പഠിപ്പിക്കുന്നു.

ബാബ പറയുന്നു ഞാൻ നിങ്ങൾക്ക് പറഞ്ഞുതരുന്ന ഈ പുതിയ കാര്യങ്ങൾ സർവ്വതും പ്രായ:ലോപപ്പെട്ട് പോകും. ഈ പരമ്പര നടക്കുകയില്ല. മറ്റ് ധർമ്മങ്ങളുടെ ജ്ഞാനം അന്ത്യംവരെ നടക്കുന്നു, പരസ്പരം കേൾപ്പിച്ചുകൊണ്ടും ഇരിക്കുന്നു. ഇവിടെ കേൾക്കുന്നവരും കേൾപ്പിച്ചുകൊടുക്കുന്നവരുമുണ്ടാകില്ല എല്ലാവരും പോകും. ഞങ്ങൾ 16 കലാ സമ്പൂർണ്ണരാണെന്നുപോലും അവർക്ക് അവിടെ അറിയുകയില്ല. അത് പ്രാലബ്ധമാണ്. 16 കലയിൽ നിന്ന് പിന്നെ 14 കലയുള്ളവരാകും എന്നറിഞ്ഞാൽ അവരുടെ രാജ്യഭരണത്തിന്റെ സന്തോഷമില്ലാതാകും. ബാബ മനസ്സിലാക്കി തരുന്നു - ഏറ്റവും ശ്രേഷ്ഠമായ ധർമ്മ ശാസ്ത്രം ആദ്യമുണ്ടാകണം. ദേവീ ദേവതാ ധർമ്മം സ്ഥാപിച്ചയാളെ മറന്നുപോയി. ഗീതയ്ക്കുള്ള മഹിമയേക്കാൾ കൂടുതൽ മഹിമ ജ്ഞാനം കേൾപ്പിച്ചയാൾക്കുണ്ടാകണം. മറ്റ് ധർമ്മങ്ങൾ സ്ഥാപിച്ചവരെ ഭഗവാനെന്ന് പറയാൻ സാധിക്കില്ല. ഒരേ ഒരു നിരാകാരിയാണ് ഭഗവാൻ, ബാക്കി സർവ്വരും സാകാരിയാണ്. ശ്രീമത് ഭഗവത്ഗീത എന്ന് മഹിമ പാടുന്നു. ബാബ സർവ്വരുടേയും സത്ഗതി ദാതാവാണ്. ഇപ്പോൾ സർവ്വരും തമോ

പ്രധാനം, സ്മശാനത്തിൽ പ്രവേശിച്ചപോലെയാണ്. പിന്നെ ബാബ വന്ന് സർവ്വരേയും ഉണർത്തുന്നു. ഈ പഴയ ലോകം നശിക്കാൻ പോവുകയാണ്. കടുക് പോലെ സർവ്വതും അരഞ്ഞുപോകും. സത്യയുഗ ത്തിൽ വളരെ ചെറിയ ദൈവീക വൃക്ഷമായിരിക്കും. ഹേ ഭഗവാൻ, ഹേ സത്യഖണ്ഡം സ്ഥാപിക്കുന്നവ നേ... എന്നാൽ ഭഗവാൻ എപ്പോൾ വരും, ശാസ്ത്രങ്ങളിൽ ലക്ഷക്കണക്കിന് വർഷമെന്നെഴുതി. ഇതിനെ യാണ് അന്ധകാരമെന്ന് പറയുന്നത്. ഇപ്പോൾ നിങ്ങൾക്കറിയാം നമ്മുടെ ബാബ ജ്ഞാനസാഗരമാണ്. മ റ്റൊരു ജ്ഞാനസാഗരനുണ്ടാവുകയില്ല. ജ്ഞാന സാഗരനായ ബാബ ദൂരദേശത്തിൽനിന്ന് നമ്മൾ കുട്ടിക ളുടെ അടുത്തേക്ക് വരുന്നു. നമ്മൾ സർവ്വരും അന്ധകാരത്തിൽ കിടക്കുകയായിരുന്നു. നാം സർവ്വരും ഈ ഡ്രാമയിലെ അഭിനേതാക്കളാണെന്ന് അറിയില്ലായിരുന്നു. ഏറ്റവും ഉയർന്നതാരാണെന്ന് അറിയണം. സർവ്വവ്യാപിയല്ല എന്നതുമാത്രമാണോ ജ്ഞാനം. സർവ്വവ്യാപിയായിരുന്നുവെങ്കിൽ പിന്നെ ഭക്തി ചെ യ്യാൻ സാധിക്കില്ലായിരുന്നു. ഇതുതന്നെയാണ് അജ്ഞാനമെന്ന് പറയുന്നത്. സർവ്വരുടേയും സദ്ഗതി ദാ താവ് ബാബയാണെന്ന് നിങ്ങൾക്കിപ്പോളറിയാം. ആ ബാബയുടെ പേരാണ് പരമപിതാ പരമാത്മാ ശിവൻ. ബാബ പിതാക്കന്മാരുടേയും പിതാവാണ്. ഓരോ ജന്മങ്ങളിലും ലൗകീക പിതാക്കന്മാരെ ലഭിച്ചാണ് വ ന്നത്. ഏറ്റവും ഉയർന്നത് ബാബയാണ്. പിന്നെ സംഖ്യാക്രമമനുസരിച്ച് വരുന്നു. ആദ്യം ദേവീ ദേവതാ കു ലത്തിൽ വരേണ്ടവർ വരുന്നു. ഇപ്പോൾ ആ രചനയെ ബാബ രചിക്കുകയാണ്. ബ്രഹ്മാവിലൂടെ എങ്ങനെ യാണ് ബ്രാഹ്മണരെ രചിക്കുന്നത്. പ്രജാപിതാ ബ്രഹ്മാവിലൂടെ ദത്തെടുക്കുന്നു. കുട്ടികൾ പറയുന്നു ബാ ബാ ഞങ്ങൾ അങ്ങയുടേതായിരുന്നു, ഇപ്പോൾ അങ്ങയുടേത് തന്നെയാണ്. ഏറ്റവും ആദ്യം നാം സത്യ യുഗത്തിൽ വന്നിരുന്നു.

ഇപ്പോൾ നിങ്ങൾ ഹാഫ് കാസ്റ്റിലാണ്. ശൂദ്രനിൽനിന്ന് ബ്രാഹ്മണനാകുന്നു. അവസാനമേ പൂർണ്ണമായും പവിത്രവും കർമ്മാതീതവുമാകൂ. അവസാനം ബുദ്ധിയോഗം പൂർണ്ണമായും ഉറയ്ക്കും, കൂടാതെ വികർമ്മ ങ്ങളെല്ലാം ഭസ്മമാകും. എന്നിരുന്നാലും ഇവിടെ നിങ്ങളെ പാവനമെന്ന് പറയില്ല. കാരണം ശരീരം പതീത മാണ്. ഇപ്പോൾ പതീതത്തിൽ നിന്ന് പാവനമായിക്കൊണ്ടിരിക്കുന്നു പിന്നീട് സത്യയുഗത്തിൽ ശരീരവും പാവനമായത് ലഭിക്കും. പൂർണ്ണമായും പാവനമായി കഴിഞ്ഞാൽ പിന്നെ ഇവിടെയിരിക്കാൻ സാധിക്കില്ല. ആത്മാവ് പവിത്രമാകുമ്പോൾ 5 തത്വങ്ങളും പവിത്രമാകും. ഇപ്പോൾ നിങ്ങൾ കുട്ടികൾ സംഗമത്തിലാണ്. ഇതാണ് സത്യംസത്യമായ കുംഭമേള. വെള്ളത്തിന്റെ ഗംഗയിൽ പോകുന്നത് ഭക്തി മാർഗ്ഗമാണ്. സന്ന്യാ സികൾ സ്നാനം ചെയ്യാൻ പോകുന്നു എന്നിട്ട് പറയുന്നു ആത്മാവ് നിർലേപമാണെന്ന്. ബാബ പറയുന്നു ഭക്തിമാർഗ്ഗത്തിൽ നിങ്ങൾ വളരെ കാര്യങ്ങൾ കേട്ടു, എന്താണ് ശരിയെന്ന് നിങ്ങൾ ഇപ്പോൾ നിർണ്ണ യിക്കൂ. ഇതാണ് അമരകഥ, ഇതിലൂടെ നിങ്ങൾ അമരപുരിയുടെ അധികാരിയാകുന്നു. കാലൻ ഒരിക്കലും നിങ്ങളെ വിഴുങ്ങുകയില്ല. ഇന്നയാൾ മരിച്ചു എന്ന് അവിടെ ഒരിക്കലും പറയില്ല. ഇവിടെ മരണത്തെ എത്ര ഭയമാണ്. അവിടെ കേവലം വസ്ത്രം മാറ്റുന്നതുപോലെയാണ്. ഭാരതത്തിന്റെ മഹിമ വളരെ ഉയർന്ന താണ്. ബാബയ്ക്ക് എത്ര മഹിമയുണ്ടോ അത്ര മഹിമ ഭാരതത്തിനുമുണ്ട്. ഭാരതത്തിൽ ഇപ്പോഴും ലക്ഷ് മീ-നാരായണന്റെ ക്ഷേത്രം പണിതുകൊണ്ടിരിക്കുന്നു. പക്ഷേ, ബാബയെ അറിയാത്തതുകൊണ്ട് അവർ എപ്പോളാണ് വന്നിരുന്നതെന്നും അറിയില്ല. തീർച്ചയായും സത്യയുഗത്തിൽ ദേവീ ദേവതകളുണ്ടായിരു ന്നു. സത്യയുഗം ലക്ഷക്കണക്കിന് വർഷമാണെങ്കിൽ ഇവരുടെ എണ്ണവും വളരെയധികമായിരുന്നേനെ. ആരുംതന്നെ ബുദ്ധി ഉപയോഗിക്കുന്നില്ല. ഗോമുഖത്തുനിന്ന് ഗംഗ വരുന്നു എന്ന് പറയുന്നു ഇതൊക്കെ ജ്ഞാനത്തിന്റെ കാര്യമാണ്. പിന്നെ സൂക്ഷ്മ വതനത്തിൽ കാളയൊക്കെ എവിടെനിന്ന് വന്നു. ഈ ശാ സ്ത്രം അരകല്പമായി നടന്നുകൊണ്ടിരിക്കുന്നു. ഈ സർവ്വകാര്യങ്ങളും വളരെ പ്രിയപ്പെട്ട ബാബ കുട്ടി കൾക്ക് മനസ്സിലാക്കി തരുന്നു. എല്ലാവരും എന്റെ കുട്ടികളാണ്. എന്നാൽ നിങ്ങൾ വളരെ പ്രിയപ്പെട്ടവരാ കുന്നു. ലക്ഷ്മീ നാരായണൻ എപ്പോളാണ് രാജ്യം ഭരിച്ചിട്ട് പോയതെന്നറിയില്ല. രാധാകൃഷ്ണന്റെ പിറ ന്നാൾ ആഘോഷിക്കുന്നു എന്നാൽ ലക്ഷ്മീ-നാരായണനെ അറിയില്ല. രാമനെ ത്രേതായിലും കൃഷ്ണനെ ദ്വാപരത്തിലും കാണിക്കുന്നു. രാധാകൃഷ്ണൻ സത്യയുഗത്തിലായിരുന്നു.
സർവ്വ ധർമ്മങ്ങളും എങ്ങനെ പുനരാവർത്തിക്കും, ഇന്ന ധർമ്മസ്ഥാപകർ എപ്പോൾ വരും ഇക്കാര്യങ്ങ ളൊക്കെ നിങ്ങൾക്കേ അറിയുകയുള്ളൂ, ധർമ്മം സ്ഥാപിച്ചിട്ട് തിരിച്ചുപോയി എന്നാണ് അവർ കരുതുന്നത്. നോക്കൂ, എങ്കിൽ പിന്നെ ആര് പാലന ചെയ്യും! ഓരോ മനുഷ്യനും രചന രചിക്കുന്നു പിന്നെ പാലനയും ചെയ്യുന്നു, വിനാശം ചെയ്യാറില്ല. പരിധിയുള്ള രചന രചിക്കുന്ന അച്ഛന് അല്പകാല ക്ഷണഭംഗുര സുഖം നൽകാൻ സാധിക്കും. ആർക്കെങ്കിലും കുട്ടികളില്ലായെങ്കിൽ പറയും ഞങ്ങളുടെ കുലത്തിന്റെ വൃദ്ധി എ ങ്ങനെയുണ്ടാകും. ബാബ പറയുന്നു. ഇപ്പോൾ സർവ്വരും പതീത ഭ്രഷ്ടാചാരികളാണ്. ഒരു ഗീതമുണ്ട്. അ തിൽ പറയുന്നു. ഭാരതത്തിന്റെ അവസ്ഥ എന്തായിരിക്കുന്നു. പിന്നെ വേറൊരു ഗീതത്തിൽ പറയുന്നു. ന മ്മുടെ ഭാരതം ഏറ്റവും ഉയർന്നതാണ്. എന്താ ഇപ്പോൾ ഉയർന്നതാണോ? അല്ല. ഇപ്പോൾ പൂർണ്ണമായും പ തീതമാണ്. ബാബ പറയുന്നു. കുട്ടികളേ ധൈര്യത്തോടെയിരിക്കൂ, ഇതും ഒരു കളിയാണ്. ഇപ്പോൾ ദുഃഖ

ത്തിന്റെ ദിനം അവസാനിച്ച് സുഖത്തിന്റെ ദിനം വരാൻ പോകുന്നു. ഈ നരകത്തെ സ്വർഗ്ഗമാക്കാൻ പരംധാമത്തിൽ വസിക്കുന്ന ബാബ അന്യദേശത്തിലേക്ക് വരുന്നു. ബാബ പറയുന്നു. ഇത് എന്റെ ജന്മസ്ഥാനമാണ്. അല്ലെങ്കിൽ ആരെങ്കിലും പറയട്ടെ, നിരാകാരിയായ ബാബ എവിടെയാണ് വന്നത്, ഏത് ശരീരത്തിലാണ് വന്നത്? എപ്പോൾ വന്നു? എന്ത് ചെയ്യാനാണ് വന്നത്? ആർക്കും പറയാൻ സാധിക്കില്ല. പരമപിതാ പരമാത്മാ എങ്ങനെ വന്നാണ് പതീതരെ പാവനമാക്കുന്നതെന്ന് നിങ്ങൾ കുട്ടികൾക്കറിയാം. ബാബ പറയുന്നു – കുട്ടികളെ എന്റെ പക്കൽ വേറെ ചികിത്സയൊന്നുമില്ല.

ഓമനകളായ കുട്ടികളെ, നിങ്ങൾ എന്നെയാണ് പതീത പാവനനെന്ന് വിളിക്കുന്നത്, സർവ്വ ശക്തിമാനെന്ന് വിളിക്കുന്നത്. ഇപ്പോൾ നിങ്ങൾക്ക് 5 വികാരങ്ങളുടെമേൽ ജയിക്കുവാനുള്ള ശക്തി വേണം. ഹിംസായുദ്ധത്തിന്റെ കാര്യമിവിടെയില്ല ഇത് ഗുപ്തമാണ് എന്നെ ഓർമ്മിക്കുക മാത്രം ചെയ്യൂ, ഇതിനെയാണ് പറയുന്നത് അജപാജപം. ഇപ്പോൾ എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ് സർവ്വർക്കും തിരിച്ച് മടങ്ങണം. അതാണ് ശാന്തിധാമം. അവിടെനിന്ന് പിന്നെ തന്നെത്താനെ നിങ്ങൾ സുഖധാമത്തിൽ എത്തിച്ചേരും. ശാന്തി നിങ്ങളുടെ സ്വധർമ്മമാണ്. ഈ രാവണ രാജ്യത്തിൽ ശാന്തി ലഭിക്കുക അസാധ്യമാണ്. ബാക്കി കുറച്ച് സമയത്തേക്ക് വേണമെങ്കിൽ അശരീരിയായി ഇരിക്കൂ. ശാന്തിയാണ് സർവ്വരും ആഗ്രഹിക്കുന്നത്. അഥവാ 101 കോടി പേർ ശാന്തമായിരുന്നാലും ശാന്തിയുണ്ടാകുകയില്ല. ഇത് അശാന്തിയുടെ ലോകമാണ് ശാന്തിക്കായി ആർക്കും വഴി കണ്ടെത്താൻ സാധിക്കില്ല. ഇത് ഗോഡ്ഫാദറിന്റെ ഉത്തരവാദിത്വമാണ്. നിങ്ങൾക്കറിയാം ദേവീദേവതകളുടെ രാജ്യമുണ്ടായിരുന്നു, അതിനെ വൈകുണ്ഠമെന്ന് പറയുന്നു. ഇപ്പോൾ കലിയുഗത്തിന്റെ അന്തിമ സമയമാണ്, ഇതിനെ ദുഃഖധാമമെന്ന് പറയുന്നു. അതാണ് ധാമം, മധുരമായ ധാമം അഥവാ വീട്. മധുരമായ അച്ഛനവിടെ ഇരിക്കുന്നു. അതാണ് സുഖധാമം, ഇതാണ് ദുഃഖധാമം. ഇടയ്ക്ക് മറ്റ് ധർമ്മങ്ങൾ വരുന്നു, വൃദ്ധിയുണ്ടാകുന്നു. അവർ കല്പത്തിന്റെ ആയുസ് ലക്ഷക്കണക്കിന് വർഷങ്ങൾ എന്ന് പറഞ്ഞിരിക്കുന്നു, ഇതിനെയാണ് ഘോരമായ അന്ധകാരമെന്ന് പറയുന്നത്. സത്യയുഗമാണ് ഘോരമായ പ്രകാശം, മൂലവതനത്തിലാണ് അപാരശാന്തി. ഇവിടെ നാം പാർട്ടഭിനയിക്കാൻ വന്നിരിക്കുകയാണ്.

ബാബ പറയുന്നു– ഹേ ആത്മാക്കളെ, കേൾക്കുന്നുണ്ടോ കാതിലൂടെ? ഈ ഡ്രാമയാകുന്ന ചക്രം എങ്ങനെയാണ് കറങ്ങുന്നതെന്ന് നിങ്ങൾക്ക് ഓർമ്മയുണ്ടോ? നിങ്ങൾ ഇപ്പോൾ ത്രികാലദർശികളായിരിക്കുകയാണ്. നിങ്ങൾ ബ്രാഹ്മണരല്ലാതെ മറ്റാരും ത്രികാലദർശികളല്ല. ഋഷി–മുനിമാർ പറയുന്നു ഞങ്ങൾക്ക് ഈശ്വരനെ അറിയുകയില്ല, അപ്പോൾ നാസ്തികരാകുന്നു. ഇപ്പോൾ നിങ്ങൾ ആസ്തികരാകുന്നു. കാരണം ബാബയെയും, സൃഷ്ടിചക്രത്തിന്റെ ആദി–മദ്ധ്യ–അന്ത്യത്തെകുറിച്ചും അറിയാം. നിങ്ങൾക്ക് മൂന്ന് ലോകങ്ങളുടെയും ജ്ഞാനം ലഭിച്ചു. നിങ്ങൾക്കല്ലാതെ മറ്റാർക്കും ഈ ജ്ഞാനമില്ല. ലക്ഷ്മീ നാരായണനെ ത്രിലോകി നാഥൻ, ത്രികാലദർശിയെന്ന് പറയില്ല. മനുഷ്യർ ത്രിലോകിനാഥനാകുകയില്ല. നിങ്ങൾക്ക് മൂന്ന് ലോകങ്ങളെക്കുറിച്ചും മൂന്ന് കാലങ്ങളെക്കുറിച്ചുമറിയാം. ലക്ഷ്മീ നാരായണനും ത്രിലോകങ്ങളുടെ ജ്ഞാനമില്ല. വിഷ്ണുവിനെ സ്വദർശന ചക്രധാരിയായി കാണിക്കുന്നു. വിഷ്ണു എന്നത് ലക്ഷ്മിയുടെയും–നാരായണന്റെയും രണ്ട് രൂപങ്ങൾ അടങ്ങിയതാണ്. രാധാ–കൃഷ്ണനാണ് ലക്ഷ്മീ നാരായണനാകുന്നത്. ഇപ്പോൾ എത്ര നല്ല ഓർമ്മ ചിഹ്നങ്ങളായ ക്ഷേത്രങ്ങളാണ് നിർമ്മിച്ചിരിക്കുന്നത്. എന്നാൽ ഇവരുടെ ബയോഗ്രഫിയും അറിഞ്ഞിരിക്കണം. പരമോന്നതനായ ഭഗവാൻ ഒന്നാണ്, ആ ഭഗവാന്റെ പേരാണ് ശിവൻ. രുദ്രനെന്നും വിളിക്കുന്നു. ഇതാണ് രുദ്ര ജ്ഞാനയജ്ഞം, കൃഷ്ണ ജ്ഞാനയജ്ഞം എന്നതേ ഇല്ല. കൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനാണ്. കൃഷ്ണ രാജകുമാരൻ എന്ത് യജ്ഞം രചിക്കാനാണ്. രുദ്ര യജ്ഞത്തിലൂടെയാണ് വിനാശജ്വാല പ്രജ്വലിതമാകുന്നത്. സത്യയുഗത്തിൽ യജ്ഞം രചിക്കേണ്ട ആവശ്യമില്ല. ഈ ജ്ഞാന യജ്ഞമല്ലാതെയുള്ള എല്ലാം വസ്തുക്കളുപയോഗിച്ചുള്ള യജ്ഞമാണ് ഇതിനെ എന്തുകൊണ്ട് യജ്ഞമെന്ന് പറയുന്നു എന്ന് ബാബ മനസ്സിലാക്കി തന്നിട്ടുണ്ട്. ഈ പഴയ ലോകത്തിലെ സാമഗ്രികളെല്ലാം ഈ യജ്ഞത്തിൽ സ്വാഹയാകും. അതുകൊണ്ടാണ് പരമപിതാ പരമാത്മാവ് യജ്ഞം രചിച്ചിരിക്കുന്നു എന്ന് പറയുന്നത്. ഇതിലൂടെ മനുഷ്യനിൽനിന്ന് ദേവതയാകുന്നു. ദേവകളുടെ പാദം പഴയ ലോകത്തിൽ പതിക്കുകയില്ല. ബാബ നിങ്ങൾക്ക് സർവ്വ കാര്യങ്ങളും സാക്ഷാത്കാരത്തിലൂടെ കാണിച്ച് തന്നിട്ടുണ്ട്. ശരി.

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുരമധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർക്കാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

**ധാരണയ്ക്കുള്ള മുഖ്യ സാരം -**

1) തന്റെ ശാന്ത സ്വധർമ്മത്തിൽ സദാ ഇരിക്കണം. ഇത് വാനപ്രസ്ഥ അവസ്ഥയാണ്, തിരിച്ച് വീട്ടിലേക്ക് മടങ്ങണം അതുകൊണ്ട് ബാബയുടെ ഓർമ്മ അജപാജപം നടന്നുകൊണ്ടിരിക്കണം.

2) കർമ്മാതീതമാകാൻ സമ്പൂർണ്ണ പാവനമാകണം. ഏതെല്ലാം വികർമ്മങ്ങളുടെ ഭാരമുണ്ടോ, അവയെ ഓർമ്മയുടെ യാത്രയിൽ ഇരുന്ന് ഇറക്കണം. ഓർമ്മയുടെ ശക്തിയിലൂടെ വികാരങ്ങളുടെമേൽ വിജയം നേടണം.

## വരദാനം:- ശുദ്ധ സങ്കൽപങ്ങളാൽ വലയം ചെയ്ത് സദാ കുടക്കീഴിന്റെ അനുഭൂതി ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്ന ദൃഢ സങ്കൽപ ധാരിയായി ഭവിക്കട്ടെ.

താങ്കളുടെ ശുദ്ധവും ശ്രേഷ്ഠവും ശക്തിശാലിയുമായ ഒരു സങ്കൽപത്തിന് വളരെ അത്ഭുതങ്ങൾ ചെയ്യാൻ സാധിക്കും. ശുദ്ധ സങ്കൽപങ്ങളുടെ ബന്ധനം അഥവാ ഘെരാവൊ ദുർബ്ബല ആത്മാക്കളെ സംബന്ധിച്ച് കുടത്തണലായി സുരക്ഷക്കുള്ള മാർഗ്ഗം അഥവാ കോട്ടയായി മാറുന്നു. കേവലം ഇതിന്റെ അഭ്യാസത്തിൽ ആദ്യം യുദ്ധം നടക്കുന്നു, വ്യർത്ഥ സങ്കൽപം ശുദ്ധ സങ്കൽപങ്ങളെ മുറിക്കുന്നു, പക്ഷെ ദൃഢസങ്കൽപ്പം ചെയ്യുകയാണെങ്കിൽ താങ്കളുടെ കൂട്ടുകാരൻ സ്വയം ബാബയാണ്, വിജയത്തിന്റെ തിലകം സദാ കൂടെ ഉള്ളത് തന്നെയാണ്, കേവലം ഇതിനെ പുറത്തെടുക്കൂ, എങ്കിൽ വ്യർത്ഥം സ്വതവേ അലിഞ്ഞുപോകും.

## സ്ലോഗൻ:- ഫരിസ്താ സ്വരൂപത്തിന്റെ സാക്ഷാത്കാരം ചെയ്യിപ്പിക്കുന്നതിന് വേണ്ടി ശരീരത്തിൽ നിന്ന് വേറിടുന്നതിനുള്ള അഭ്യാസം ചെയ്യൂ.